**826**

1 സ്നേഹത്തിൻ ഇടയനാം യേശുവേ വഴിയും സത്യവും നീ മാത്രമേ
നിത്യമാം ജീവനും ദൈവപുത്രാ! നീയല്ലാതാരുമില്ല

യേശുനാഥാ! ഞങ്ങൾക്കു നീയല്ലാതാരുമില്ല
യേശു നാഥാ! നീയല്ലാ-താരുമില്ല

2 സാധുക്കൾക്കായ് വലഞ്ഞലഞ്ഞതും ആടുകൾക്കായ് ജീവൻ വെടിഞ്ഞതും
പാടുകൾ പെട്ടതും ആർ നായകാ? നീയല്ലാതാരുമില്ല-

3 നീക്കിടുവാൻ എല്ലാ പാപത്തെയും പോക്കിടുവാൻ സർവ്വശാപത്തെയും
കോപാഗ്നിയും കെടുത്തിടാൻ കർത്താ! നീയല്ലാതാരുമില്ല-

4 അറിവാൻ സ്വർഗ്ഗപിതാവിനെയും പ്രാപിപ്പാൻ വിശുദ്ധാത്മാവിനെയും
വേറൊരു വഴിയുമില്ല നാഥാ നീയല്ലാതാരുമില്ല-

5 സഹിപ്പാൻ എൻബുദ്ധിഹീനതയും വഹിപ്പാൻ എൻഎല്ലാ ക്ഷീണതയും
ലാളിപ്പാൻ പാലിപ്പാൻ ദൈവപുത്രാ! നീയല്ലാതാരുമില്ല

6 സത്യവിശ്വാസത്തെ കാത്തിടുവാൻ നിത്യം നിൻ കീർത്തിയെ പാടിടുവാൻ
ഭൃത്യന്മാരിൽ കൃപ തന്നിടുക നീയല്ലാതാരുമില്ല-

7 ദൈവമഹത്ത്വത്തിൽ താൻ വരുമ്പോൾ ജീവകിരീടത്തെ താൻ തരുമ്പോൾ
അപ്പൊഴും ഞങ്ങൾ പാടിടും നാഥാ! നീയല്ലാതാരുമില്ല- **V.N.**